പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1592 — 11.08.2017-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.യിലെ. ജീവനക്കാരുടെ എണ്ണം കുറയ്ക്കണമെന്ന ശിപാർശ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>" അടൂർ പ്രകാശ്<br>" എ.പി. അനിൽ കുമാർ<br>" തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ എണ്ണം കുറച്ച് ദേശീയ ശരാശരിയിലെത്തിച്ചാലെ നഷ്ടത്തിന്റെ തോത് കുറയ്ക്കാനാകൂ എന്ന് സുശീൽ ഖന്ന റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോ; | (എ) | കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിനായി റിട്ടയേർഡ് പ്രൊഫ. സുശീൽ ഖന്ന നിർദ്ദേശിച്ച ശുപാർശകളിൽ ഒന്നാണ് ജീവനക്കാരെ ശാസ്ത്രീയമായി വിന്യസിപ്പിക്കുകയും, ഡ്യൂട്ടി പാറ്റേൺ പരിഷ്കരിക്കുകയും ചെയ്യുക എന്നത്. കൂടാതെ ബസ് സ്റ്റാഫ് അനുപാതം ദേശീയ ശരാശരിയായ 5.5 നെക്കാൾ മെച്ചപ്പെടുത്തി 5 എന്ന ലക്ഷ്യത്തിൽ എത്തിക്കുന്നതിനും, 16 മണിക്കൂറിന് 2 ഡ്യൂട്ടി നിർണ്ണയിക്കുന്ന തരത്തിലുള്ള ഡബിൾ ഡ്യൂട്ടി സമ്പ്രദായം നിർത്തലാക്കുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ അഞ്ചുറോളം എംപാനൽ ജീവനക്കാരെ രണ്ട് ഘട്ടമായി പിരിച്ചുവിട്ടിട്ടുണ്ടോ; | (ബി) | രണ്ട് ഘട്ടമായി ബസ് ബോഡി നിർമ്മാണത്തിനായി നിയോഗിച്ചിരുന്ന 400 എംപാനൽ ജീവനക്കാരെ ബസ് ബോഡി നിർമ്മാണം പൂർത്തിയായതിനെ തുടർന്ന് ജോലിയിൽ നിന്നും മാറ്റി നിർത്തിയിട്ടുണ്ട്. ജോലിയുണ്ടെങ്കിൽ ഇപ്രകാരമുള്ളവരെ തുടർന്നും ജോലിക്ക് നിയോഗിക്കുന്നത് പരിഗണിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ ബസ്സൊന്നിന് എത്ര ജീവനക്കാരാണുള്ളത്; അത് എത്രയായി താഴ്ത്തണമെന്നാണ് സുശീൽ ഖന്ന റിപ്പോർട്ടിൽ ശിപാർശ നൽകിയിട്ടുള്ളത്; | (സി) | ബസ് സ്റ്റാഫ് അനുപാതം നിലവിലുള്ള 8.7 ൽ നിന്നും ദേശീയ ശരാശരിയായ 5.5 നെക്കാൾ മെച്ചപ്പെടുത്തി 5 എന്ന ലക്ഷ്യത്തിലെത്തിക്കണം എന്നാണ് പ്രൊഫ.സുശീൽ ഖന്ന ശുപാർശ ചെയ്തിട്ടുള്ളത്. |
| (ഡി) | ഈ ശിപാർശ പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതുമൂലം എത്ര ജീവനക്കാരെ ഒഴിവാക്കേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ? | (ഡി) | 01.04.2017 ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കെ.എസ്.ആർ.ടി.സിയിലെ അംഗീകൃത – രജിസ്റ്റേഡ് തൊഴിലാളികളും, മാനേജ്മെന്റ് പ്രതിനിധികളുമായി ചേർന്ന യോഗത്തിൽ പ്രൊഫ.സുശീൽ ഖന്ന സർക്കാറിലേക്ക് സമർപ്പിച്ച ശുപാർശകളിന്മേൽ ചർച്ച നടത്തുകയും കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ടുഴലുന്ന കെ.എസ്.ആർ.ടി.സി.യുടെ താൽക്കാലിക രക്ഷപ്പെടലെന്നതിലുപരി അന്തസ്സുറ്റ ഒരു സ്ഥാപനം എന്ന നിലയിലേക്ക് ഉയർത്തുന്നതിനായി ജീവനക്കാരുടെ പൂർണ്ണ പിന്തുണയോടുകൂടി ശുപാർശകളിന്മേൽ ആവശ്യമെങ്കിൽ തുടർ ചർച്ചകൾ നടത്തി നടപ്പിൽവരുത്തുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**